OVERLAKE
MEDICAL CENTER AND CLINICS

**ഓവർലേക്ക് ഹോസ്പിറ്റൽ മെഡിക്കൽ സെന്റർ**

**ചാരിറ്റി കെയർ/ഫിനാൻഷ്യൽ അസിസ്റ്റൻസ് പോളിസി**

**1 ജനുവരി 2018 തൊട്ട് പ്രാബല്യത്തിൽ**

## ഉദ്ദേശ്യം

മെഡിക്കലായി ഉടൻ ആരോഗ്യപരിചരണ സേവനങ്ങൾ ആവശ്യമുള്ള എല്ലാ വ്യക്തികൾക്കും, അവർക്ക് പണമടയ്ക്കാൻ കഴിവുണ്ടോ എന്ന കാര്യം പരിഗണിക്കാതെ, അത്തരം സേവനം നൽകുന്ന കാര്യത്തിൽ ഓവർലേക്ക് ഹോസ്പിറ്റൽ മെഡിക്കൽ സെന്ററും (OHMC) ഓവർലേക്ക് മെഡിക്കൽ ക്ലിനിക്സും (OMC) പ്രതിജ്ഞാബദ്ധമാണ്. പ്രവർത്തനങ്ങളുടെ സമഗ്രത പരിരക്ഷിക്കുന്നതിനും ഈ പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതിനും, വാഷിംഗ്ടൺ അഡ്മിനിസ്ട്രേറ്റീവ് കോഡിന്റെ 246 മുതൽ 453 വരെയുള്ള അധ്യായങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന ആവശ്യകതകൾ അനുസരിച്ചുകൊണ്ട്, ചാരിറ്റി കെയർ/ഫിനാൻഷ്യൽ അസിസ്റ്റൻസ് നൽകുന്നതിനുള്ള ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

## പൊതുജനങ്ങളുടെ അറിവിലേക്ക്

OHMC, OMC എന്നിവ നൽകുന്ന ചാരിറ്റി കെയർ/ഫിനാൻഷ്യൽ അസിസ്റ്റൻസ്, ഇനിപ്പറയുന്ന നിബന്ധനകൾക്ക് അനുസരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കും:

എ. OHMC, OMC എന്നിവ ചാരിറ്റി കെയർ/ഫിനാൻഷ്യൽ അസിസ്റ്റൻസ് നൽകുന്നുവെന്ന് രോഗികളെ അറിയിക്കുന്ന ഒരു അറിയിപ്പ്, അഡ്മിറ്റ് ചെയ്യുന്ന ലൊക്കേഷനുകൾ, അടിയന്തിര വകുപ്പ്, OMC അർജന്റ് കെയർ സെന്ററുകൾ എന്നിവ ഉൾപ്പെടെ, ആശുപത്രിയുടെയും ക്ലിനിക്കുകളുടെയും പ്രധാന ഇടങ്ങളിൽ പ്രദർശിപ്പിക്കും. ഈ നയത്തിന്റെ ഒരു പകർപ്പ് Overlakehospital.org വെബ് സറ്റിലും ഉണ്ടായിരിക്കുന്നതാണ്.

ബി. സേവനത്തിന്റെ സമയത്ത്, ഒരു ഫ്ലെയറിന്റെ രൂപത്തിൽ OHMC-യും OMC-യും ഒരേസമയം ഈ നയം സൂചിപ്പിച്ചുകൊണ്ടുള്ള രേഖാമൂലമുള്ള ഒരു അറിയിപ്പ് രോഗിക്ക് ലഭ്യമാക്കും. ഈ സമയത്ത്, രേഖാമൂലമുള്ള വിവരങ്ങൾ വാക്കാൽ പറഞ്ഞുകൊടുക്കുകയും ചെയ്യും. ചില കാരണങ്ങളാൽ, ഉദാഹരണത്തിന് ഒരു അടിയന്തര സാഹചര്യത്തിൽ, ചികിത്സ സ്വീകരിക്കുന്നതിന് മുമ്പായി, ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ഉണ്ടെന്ന കാര്യം രോഗിയെ അറിയിച്ചിട്ടില്ലെങ്കിൽ, തുടർന്ന് സാധ്യമായത്ര പെട്ടെന്ന് അക്കാര്യം അദ്ദേഹത്തെ/അവരെ അറിയിക്കേണ്ടതാണ്.

സി. OHMC, OMC എന്നിവയുടെ പ്രാഥമിക സേവന മേഖലയിൽ 1000-ത്തിലും അധികം ആളുകൾ സംസാരിക്കുന്ന ഏത് ഭാഷയിലും രേഖാമൂലമായ വിവരങ്ങളും വാക്കാലുള്ള വിശദീകരണവും ലഭ്യമാണ്, ഇംഗ്ലീഷ് ഭാഷ സംസാരിക്കാത്തവരോ പരിമിതമായി മാത്രം ഇംഗ്ലീഷ് അറിയാവുന്നവരോ ആയ ആളുകൾക്കും രേഖാമൂലമായ വിവരങ്ങളും ഒപ്പം/അല്ലെങ്കിൽ വാക്കാലുള്ള വിശദീകരണവും മനസ്സിലാകാത്തവരുമായ രോഗികൾക്കുമായി ഈ വിവരങ്ങൾ അവരുടെ ഭാഷയിൽ വ്യാഖ്യാനിച്ച് നൽകുന്നതാണ്.

ഡി. ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ചോദ്യങ്ങൾക്ക് കാര്യക്ഷമമായി മറുപടി പറയാനും അത്തരം നേരിട്ടുള്ള അന്വേഷണങ്ങൾ

OVERLAKE
MEDICAL CENTER AND CLINICS

സമയാസമയങ്ങളിൽ ഉചിതമായ ഡിപ്പാർട്ട്മന്റിലേക്ക് വഴിതിരിച്ചുവിടാനും ഫ്രണ്ട്-ലൈൻ സ്റ്റാഫിനെ OHMC, OMC പരിശീലിപ്പിക്കും.

ഇ. OHMC-യുടെയും OMC-യുടെയും ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് നയത്തെ കുറിച്ചുള്ള രേഖാമൂലമായ വിവരങ്ങൾ, അത്തരം വിവരങ്ങൾ അഭ്യർത്ഥിക്കുന്ന ആർക്കും തപാൽ വഴിയോ ഇലക്ട്രോണിക്ക് മാർഗ്ഗത്തിലൂടെയോ ടെലിഫോണിലൂടെയേ നേരിട്ടോ ലഭ്യമാക്കും.

**യോഗ്യതാ മാനദണ്ഡം**

ഗ്രൂപ്പ് അല്ലെങ്കിൽ വ്യക്തിഗത മെഡിക്കൽ പ്ലാനുകൾ, വർക്കേഴ്സ് കോമ്പൻസേഷൻ, മെഡികെയർ, മെഡിക്കെയ്ഡ് അല്ലെങ്കിൽ മെഡിക്കൻ അസിസ്റ്റൻസ് പ്രോഗ്രാമുകൾ, മറ്റ് സ്റ്റേറ്റ്, ഫെഡറൽ അല്ലെങ്കിൽ മിലിറ്ററി പ്രോഗ്രാമുകൾ അല്ലെങ്കിൽ മെഡിക്കൽ സേവനങ്ങളുടെ ചെലവ് വഹിക്കുന്നതിന് മറ്റൊരു വ്യക്തിക്കോ സ്ഥാപനത്തിനോ നിയമപരമായ ഉത്തരവാദിത്തം ഉണ്ടായേക്കാവുന്ന സാഹചര്യം എന്നിവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രമായി പരിമിതപ്പെടുത്താതെ, രോഗിക്ക് ലഭ്യമായ മറ്റെല്ലാ ഫിനാൻഷ്യൽ റിസോഴ്സുകളെയും പരിഗണിക്കുമ്പോൾ രണ്ടാം സ്ഥാനമാണ് ചാരിറ്റി കെയറിന് / ഫിനാൻഷ്യൽ അസിസ്റ്റൻസിന് ഉള്ളത്. മെഡിക്കൽ സേവനങ്ങൾ സ്വീകരിക്കാൻ പ്രാപ്തിയില്ലാത്ത നിർദ്ധനരായ രോഗികൾക്ക്, വംശമോ ദേശീയതയോ കുടിയേറ്റ നിലയോ പരിഗണിക്കാതെ, ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് നൽകപ്പെടുന്നു.

ഉചിതമായ പ്രാഥമിക പേയ്മന്റ് സ്രോതസ്സുകൾ ലഭ്യമല്ലാത്ത സാഹചര്യങ്ങളിലോ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള പേയ്മന്റിന് ശേഷമുള്ള ബാക്കിതുക അടയ്ക്കുന്നതിനോ, ഇനിപ്പറയുന്ന മാനദണ്ഡം അനുസരിച്ച്, OHMC, OMC നയത്തിന് കീഴിൽ രോഗിയെ ചാരിറ്റി കെയറിന് / ഫിനാൻഷ്യൽ അസിസ്റ്റൻസിന് പരിഗണിക്കുന്നതാണ്.

- WAC 246-453-040, WAC 246-453-050 എന്നിവയുടെ ആവശ്യകതകളും IRS 501R ആവശ്യകതകളും നിറവേറ്റുന്നതിന് ഇനിപ്പറയുന്ന മോഡലാണ് OHMC-യും OMC-യും പ്രയോജനപ്പെടുത്തിയിരിക്കുന്നത്:
- നിലവിലെ ഫെഡറൽ ദാരിദ്ര്യരേഖയുടെ 200 ശതമാനത്തിലാണ് അല്ലെങ്കിൽ അതിലും താഴെയാണ് രോഗിയുടെ മൊത്ത കുടുംബ വരുമാനമെങ്കിൽ, സേവന നിരക്കായി OHMC-ക്കും OMC-ക്കും നൽകേണ്ട മുഴുവൻ തുകയും രോഗിക്കായി ചാരിറ്റി കെയറായി / ഫിനാൻഷ്യൽ അസിസ്റ്റൻസായി നിർണ്ണയിക്കപ്പെടും.
- നിലവിലെ ഫെഡറൽ ദാരിദ്ര്യരേഖയുടെ 201 ശതമാനത്തിനും 400 ശതമാനത്തിനും ഇടയിൽ വരുമാനമുള്ള രോഗികളുടെ കാര്യത്തിൽ എഴുതിത്തള്ളേണ്ട തുക നിർണ്ണയിക്കുന്നതിന് ഇനിപ്പറയുന്ന 'സ്ലൈഡിംഗ് ഫീ ഷെഡ്യൂൾ' ഉപയോഗിക്കപ്പെടും. ജനനം, വിവാഹം, ദത്ത് എന്നിവയാൽ ബന്ധുക്കളായവരും ഒരുമിച്ച് താമസിക്കുന്നവരുമായ രണ്ടോ അതിലധികമോ വ്യക്തികളുടെ കൂട്ടത്തെയാണ് കുടുംബം എന്ന് നിർവചിക്കുന്നത്; പരസ്പരം ബന്ധമുള്ള ഇത്തരം എല്ലാ വ്യക്തികളെയും ഒരു കുടുംബത്തിലെ അംഗങ്ങളായി പരിഗണിക്കുന്നു.
- എല്ലാ ഡിസ്കൗണ്ടുകൾക്കും കിഴിവുകൾക്കും റീഇമ്പേഴ്സ്മന്റുകൾക്കും (ഇൻഷ്വറൻസിൽ നിന്നുള്ളതും ഉൾപ്പെടെ) ശേഷം, വ്യക്തിപരമായി അടയ്ക്കുന്നതിന് വ്യക്തിക്ക് ഉത്തരവാദിത്തമുള്ള തുകയാണ് ഇവിടെ ബാധകമാവുക (മെഡിക്കൽ സേവനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷയുള്ള വ്യക്തികൾക്ക് പൊതുവെ ബിൽ ചെയ്യപ്പെടുന്ന തുകയേക്കാൾ കൂടുതലായിരിക്കില്ല ആശുപത്രി ഫെസിലിറ്റിയുടെ ഫിനാൻഷ്യൽ അസിസ്റ്റൻസ് നയം ("AGB"). AGB നിർണ്ണയിക്കുന്നതിനായി, സേവന ക്ലെയിമുകൾക്കായുള്ള മെഡികെയർ ഫീസിന്റെയും ആശുപത്രിക്കുള്ള ക്ലെയിമുകൾക്ക് പണമടയ്ക്കുന്ന സ്വകാര്യ ഹെൽത്ത് ഇൻഷ്വറർമാരുടെയും സംയോജനത്തെ അടിസ്ഥാനമാക്കിയുള്ള 12 മാസ 'ലുക്ക് ബാക്ക്' രീതി ഉപയോഗിക്കുന്നതിനാണ് OHMC, OMC തീരുമാനിച്ചിരിക്കുന്നത്.
- ഉത്തരവാദിത്തമുള്ള കക്ഷിയുടെ, ഏതെങ്കിലും സ്ലൈഡിംഗ് ഫീ ഷെഡ്യൂളിന്റെ അപേക്ഷയ്ക്ക് ശേഷവും ബാക്കിനിൽക്കുന്ന സാമ്പത്തിക ബാധ്യത, 'സെൽഫ് പേ ഫോളോ അപ്പ് പോളിസി' അനുസരിച്ച്, ന്യായമായ ഒരു സമയ കാലയളവിൽ പ്രതിമാസ തവണകളായി അടയ്ക്കണം. പേയ്മന്റുകൾ വിട്ടുപോവുകയേ അക്കൗണ്ടിൽ നിഷ്ക്രിയത്വ കാലയളവ് ഉണ്ടെങ്കിലോ രോഗിയുമായി തൃപ്തികരമായ

OVERLAKE
MEDICAL CENTER AND CLINICS

തരത്തിൽ സമ്പർക്കം പുലർത്താൻ കഴിയാതിരിക്കുകയോ ആണെങ്കിൽ മാത്രമേ ഉത്തരവാദിത്തമുള്ള കക്ഷിയുടെ അക്കൗണ്ട് ഒരു കളക്ഷൻ ഏജൻസിയെ ഏൽപ്പിക്കുകയുള്ളൂ.

- **ശ്രദ്ധിക്കുക:** വേതനം, ശമ്പളം, വെൽഫെയർ പേയ് മന്റുകൾ, സോഷ്യൽ സെക്യൂരിറ്റി പേയ് മന്റുകൾ, സ്ട്രൈക്ക് ബെനിഫിറ്റുകൾ, തൊഴിലില്ലായ്മാ വേതനം അല്ലെങ്കിൽ ശാരീരിക വൈകല്യത്തിനുള്ള ആനുകൂല്യങ്ങൾ, ശിശു പിന്തുണ, ബിസിനസ്സിൽ നിന്നും നിക്ഷേപ പ്രവർത്തനങ്ങളിൽ നിന്നുമുള്ള അറ്റാദായം [ചാരിറ്റി അപേക്ഷയിൽ നിക്ഷേപ വരുമാനം കാണിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇത് വരുമോ] എന്നിവയിൽ നിന്ന് വ്യക്തിക്ക് ലഭിക്കുന്ന, നികുതി കുറയ്ക്കാത്ത മൊത്തം തുകയെയാണ് വരുമാനം എന്ന് പറയുന്നത്.

**ചാരിറ്റി / ഫിനാൻഷ്യൽ അസിസ്റ്റൻസ് പെർസെന്റേജ് ഡിസ്കൗണ്ട്**

| | രോഗിയുടെ ബാധ്യതാ തുക ഡിസ്കൗണ്ട് ശതമാനം (%) | | | | | |
|---|---|---|---|---|---|---|
| FPL-ന്റെ ശതമാനം | $0-$2,500 | $ 2,501-$ 5,000 | $ 5,001-$ 10,000 | $ 10,001-$ 25,000 | $ 25,001-$ 50,000 | $50,001-ഉം മുകളിലേക്കും |
| 0-200% | 100% | 100% | 100% | 100% | 100% | 100% |
| 201-300% | 85% | 90% | 95% | 96% | 97% | കുറിപ്പ് എ |
| 301-400% | 65% | 70% | 75% | 80% | 85% | കുറിപ്പ് ബി |

കുറിപ്പ് എ: നിരക്കിന്റെ ആദ്യ $100,000-ന് 98% ചാരിറ്റി/ഫിനാൻഷ്യൽ അസിസ്റ്റൻസ് ബാധകമാവും. $100,000-ൽ കൂടുതലുള്ള ഏത് തുകയ്ക്കും 100% ചാരിറ്റി ബാധകമാവും.

കുറിപ്പ് ബി: നിരക്കിന്റെ ആദ്യ $100,000-ന് 90% ചാരിറ്റി/ഫിനാൻഷ്യൽ അസിസ്റ്റൻസ് ബാധകമാവും. $100,000-ൽ കൂടുതലുള്ള ഏത് തുകയ്ക്കും 100% ചാരിറ്റി ബാധകമാവും.

ബി. കൃത്യമായി ആദായനിലവാരനിർണ്ണയം ചെയ്യാനാവശ്യമായ വിവരങ്ങൾ നമുക്കുള്ള അക്കൌണ്ടുകൾക്ക് ഫെഡറൽ ദാരിദ്ര്യപരിധിയുടെ 200 ശതമാനത്തിനും താഴെയാണോ ഒരു രോഗി നിൽക്കുന്നതെന്ന് OHMC-യും

OMC-യും തീർച്ചപ്പെടുത്തുന്നു. അങ്ങിനെയാണെങ്കിൽ, സാദ്ധ്യമായ DSHS-കവറേജിനായി അക്കൌണ്ടുകൾ പരിശോധിക്കുകയും, DSHS ആവശ്യകതകളുമായി യോജിക്കാത്ത അക്കൌണ്ടുകളുടെ കാര്യത്തിൽ കുടിശ്ശികബാക്കികൾ സാമ്പത്തിക സഹായത്തുകയിലേയ്ക്ക് ആനുമാനികമായി എഴുതിത്തള്ളുകയും ചെയ്യുന്നു.

സി. OHMC-യും OMC-യും കറ്റാസ്ട്രോഫിക്ക് ചാരിറ്റിയും നൽകിയേക്കാം, മുകളിൽ പ്രതിപാദിച്ചിട്ടുള്ള ചാരിറ്റി കെയറിനും / ഫിനാൻഷ്യൽ അസിസ്റ്റൻസിനും മുകളിൽ കടുത്ത സാമ്പത്തിക ബുദ്ധിമുട്ടോ വ്യക്തിഗത നഷ്ടമോ ഉള്ള സാഹചര്യത്തിൽ ഫെഡറൽ ദാരിദ്ര്യരേഖയുടെ 200 ശതമാനത്തിനും മുകളിലാണ് രോഗിയുടെ കുടുംബത്തിന്റെ വരുമാനമെങ്കിൽ ചാരിറ്റി കെറ്റർ/ഫിനാൻഷ്യൻ അസിസ്റ്റൻസ് തുകകൾ OHMC-യും OMC-യും എഴുതിത്തള്ളിയേക്കാം എന്നാണ് ഇതിനർത്ഥം. ഈ സാഹചര്യങ്ങളിൽ, ദുരന്ത സാഹചര്യത്തിന്റെ വിശദാംശങ്ങൾ വച്ചുകൊണ്ട് രോഗി ഒരു അധിക അവലോകനത്തിനുള്ള രേഖാമൂലമായ അഭ്യർത്ഥന സമർപ്പിക്കേണ്ടതാണ്. കറ്റാസ്ട്രോഫിക്ക് ചാരിറ്റി നൽകുന്നതിനും എഴുതിത്തള്ളേണ്ട തുക നിർണ്ണയിക്കുന്നതിനുമുള്ള അധികാരം OHMC, OMC പ്രൈസിംഗ് കമ്മറ്റിക്കാണ്, OHMC, OMC എന്നിവയുടെ സാമ്പത്തിക സ്രോതസ്സുകൾ വാങ്ങുന്നതിനുള്ള / ചെലവിടുന്നതിനുള്ള അധികാരത്തിനായുള്ള അനുമതിയുമായി ബന്ധപ്പെട്ട നിലവിലുള്ള മറ്റ് നയങ്ങൾ അനുസരിച്ചാണ് കമ്മറ്റി ഇത് ചെയ്യുക.

ഡി. OHMC-യും OMC-യും സേവിക്കുന്ന സമൂഹത്തിന്റെ പ്രയോജനങ്ങൾക്കാണ് OHMC-യും OMC-യും ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ഏർപ്പെടുത്തിയിരിക്കുന്നത്, അതിനാൽ തന്നെ വാഷിംഗ്ടൺ സ്റ്റേറ്റിലെ താമസക്കാരല്ലാത്തവർക്ക് എമർജൻസി ഡിപ്പാർട്ട് മന്റിനുള്ളിൽ നൽകുന്ന മാത്രമാണ് അല്ലെങ്കിൽ എമർജൻസി ഡിപ്പാർട്ട് മന്റിൽ നിന്ന് നേരിട്ടുള്ള പ്രവേശനത്തിന്റെ ഫലമായി മാത്രമാണ് ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭിക്കുക. കൂടുതലായി, OHMC, OMC എമർജൻസി ഡിപ്പാർട്ട് മന്റ് ഈ സേവനങ്ങൾ ഒരു മെഡിക്കൽ എമർജൻസിയായി നിർണ്ണയിക്കുകയും വേണം.

ഇ. വാഷിംഗ്ടൺ സ്റ്റേറ്റിലെ താമസക്കാരായിരിക്കേണ്ടതില്ല എന്ന പ്രത്യേക നിബന്ധനയ്ക്കുള്ളിൽ അഭയാർത്ഥികളും അഭയം തേടിയിട്ടുള്ളവരും INS ഡോക്യുമെന്റേഷൻ ഉള്ളവരും അത് സമർപ്പിക്കാൻ കഴിയുന്നവരുമായ അഭയാർത്ഥികളും ഉൾപ്പെടുന്നു.

എഫ്. അപേക്ഷയ്ക്ക് അനുമതി നൽകിയ തീയതിയെ തുടർന്ന് 180 ദിവസങ്ങൾക്കുള്ളിൽ സ്വീകരിക്കുന്ന സേവനങ്ങൾക്ക് മാത്രമാണ് പൂർത്തിയാക്കിയ അപേക്ഷയിലെ യോഗ്യതയ്ക്ക് സാധുത ഉണ്ടായിരിക്കുക.

**യോഗ്യതാ നിർണ്ണയത്തിനായുള്ള പ്രക്രിയ**

എ.പ്രാരംഭ നിർണ്ണയം:

1. ചാരിറ്റി കെയറിനായുള്ള / ഫിനാൻഷ്യൽ അസിസ്റ്റൻസിനായുള്ള യോഗ്യത നിർണ്ണയിക്കുന്നതിന് OHMC, OMC ഒരു അപേക്ഷാ പ്രോസസ്സ് ഉപയോഗിക്കും. ഫിസിഷ്യന്മാർ, കമ്മ്യൂണിറ്റി/മതപര ഗ്രൂപ്പുകൾ, സാമൂഹിക സേവന സ്ഥാപനങ്ങൾ, ഫിനാൻഷ്യൽ സർവീസ് സ്റ്റാഫ്, രോഗിയുടെ കുടുംബം, രോഗി എന്നിങ്ങനെ അംഗീകൃത സ്രോതസ്സുകളിൽ നിന്നാണ് ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് നൽകുന്നതിന് അപേക്ഷിച്ചുകൊണ്ടുള്ള അഭ്യർത്ഥനകൾ സ്വീകരിക്കുന്നത്.

2. രോഗിയെ രജിസ്റ്റർ ചെയ്യുന്ന സമയത്ത് അല്ലെങ്കിൽ ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ഉണ്ടെന്നും ലഭ്യമാണെന്നും രോഗിയെ അറിയിച്ചതിന് ശേഷമുള്ള സമയത്ത്, ചാരിറ്റി കെയറിനായുള്ള / ഫിനാൻഷ്യൽ അസിസ്റ്റൻസിനായുള്ള വാക്കാലുള്ളതോ രേഖാമൂലമായതോ ആയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, യോഗ്യത ഉണ്ടോയെന്ന പ്രാരംഭ നിർണ്ണയം OHMC, OMC നടത്തും.

3. അന്തിമ യോഗ്യതാ നിർണ്ണയം അവശേഷിക്കുന്ന സമയത്ത്, പ്രതിഫലം വാങ്ങാതെ നൽകിയ പരിചരണ നിലയുടെ അന്തിമ നിർണ്ണയത്തിൽ എത്തിച്ചേരുന്നതിന് OHMC, OMC-യുമായി ബന്ധപ്പെട്ട കക്ഷി സഹകരിക്കുന്ന പക്ഷം, OHMC, OMC കളക്ഷൻ ശ്രമങ്ങൾ ആരംഭിക്കുകയോ ഡെപ്പോസിറ്റ് തുക ആവശ്യപ്പെടുകയോ ചെയ്യില്ല.

4. ഈ നയത്തിന് കീഴിൽ, ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭിക്കാൻ രോഗിക്ക് അർഹത ഉണ്ടാക്കിയേക്കാവുന്ന ഘടകങ്ങളെ കുറിച്ച് OHMC, OMC അറിയുന്നുവെങ്കിൽ, ഇത്തരമൊരു സാധ്യതയെ കുറിച്ച് രോഗിയെ അറിയിക്കുകയും ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ആയി പരിഗണിക്കേണ്ട അക്കൗണ്ടാണ് ഇതെന്ന് പ്രാരംഭ നിർണ്ണയം നടത്തുകയും ചെയ്യും.

5. സേവനങ്ങൾ നൽകുന്ന സമയത്തെ സാമ്പത്തിക ആവശ്യത്തെ അടിസ്ഥാനമാക്കിയായിരിക്കും പരിരക്ഷയുടെ നിർണ്ണയം.

## ബി. അന്തിമ നിർണ്ണയം:

1. പ്രഥമദൃഷ്ടിയാലുള്ള എഴുതിത്തള്ളലുകൾ. പണമടക്കാൻ ഉത്തരവാദിത്തപ്പെട്ട വ്യക്തി നിർദ്ധനനാണെന്ന് ആശുപത്രി ഉദ്യോഗസ്ഥർക്ക് വ്യക്തമാണെന്ന സാഹചര്യത്തിലും യോഗ്യതയുടെ പരിധിക്കുള്ളിലാണ് അപേക്ഷകന്റെ വരുമാനമെന്ന് ആശുപത്രിക്ക് ബോധ്യപ്പെടുന്നുവെങ്കിലും, ഈ പ്രാരംഭ നിർണ്ണയത്തെ മാത്രം അടിസ്ഥാനപ്പെടുത്തിക്കൊണ്ട് OHMC, OMC-ക്ക് ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് അനുവദിക്കാവുന്നതാണ്. മരിച്ച രോഗികളുടെ കാര്യത്തിലും, ഇയാളുടെ ജീവിത പങ്കാളി ആരാണെന്നോ വസ്തുവകകളോ മറ്റേതെങ്കിലും സ്വത്തോ മരണപ്പെട്ട ആൾക്കുണ്ടെന്നോ OHMC, OMC-ക്ക് കണ്ടെത്താൻ കഴിയാത്ത പക്ഷം, ഇതേ മാനദണ്ഡം തന്നെ ഉപയോഗിക്കപ്പെടും. ഈ സാഹചര്യങ്ങളിൽ, WAC 246-453-030 (3) അനുസരിച്ച്, മുഴുവൻ പരിശോധിച്ചുറപ്പിക്കലേ ഡോക്യുമെന്റേഷനേ OHMC, OMC പൂർത്തിയാക്കേണ്ടതില്ല.

2. ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് അഭ്യർത്ഥിക്കുമ്പോഴേ ആവശ്യം സൂചിപ്പിക്കുമ്പോഴേ ആവശ്യകതയ്ക്ക് സാധ്യതയുണ്ടെന്ന് ഫിനാൻഷ്യൽ സ്ക്രീനിംഗ് സൂചിപ്പിക്കുമ്പോഴേ രോഗികൾക്ക് ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ഫോമുകളും നിർദ്ദേശങ്ങളും രേഖാമൂലമുള്ള അപേക്ഷകളും നൽകുന്നതാണ്. അപേക്ഷയ്ക്ക് തുടക്കമിട്ടത് രോഗിയോ OHMC, OMC-യോ ആകട്ടെ, എല്ലാ അപേക്ഷകൾക്കും ഒപ്പം, അപേക്ഷാ ഫോമിൽ സൂചിപ്പിച്ചിട്ടുള്ള വരുമാനത്തുക പരിശോധിച്ചുറപ്പിക്കുന്നതിനുള്ള ഡോക്യുമെന്റേഷനും വയ്ക്കേണ്ടതാണ്.

- ചാരിറ്റി കെയർ / ഫിനാൻഷ്യൻ അസിസ്റ്റൻസ് ലഭിക്കുന്നതിന് ആവശ്യമായ അഭ്യർത്ഥനകൾക്ക് പൂരിപ്പിച്ച ഒരു അപേക്ഷാ ഫോമും ഇനിപ്പറയുന്ന ഡോക്യുമെന്റുകളിൽ ഒന്നും ആവശ്യമാണ്
- ഒരു "W-2" വിത്ത് ഹാൾഡിംഗ് സ്റ്റേറ്റ്മെന്റ്;
- ഏറ്റവും പുതിയ 3 പേ സ്റ്റബുകൾ;
- ഏറ്റവും അവസാനം ഫയൽ ചെയ്ത കലണ്ടർ വർഷത്തിനായുള്ള ഇൻകം ടാക്സ് റിട്ടേൺ;

OVERLAKE
MEDICAL CENTER AND CLINICS

- മെഡിക്കലെയ്ഡിനുള്ള ഒപ്പം/അല്ലെങ്കിൽ സ്റ്റേറ്റ് ധനസഹായം ചെയ്യുന്ന മെഡിക്കൽ അസിസ്റ്റൻസിനുള്ള യോഗ്യതയുടെ അനുമതി / നിരസിക്കൽ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ;
- തൊഴിലില്ലായ്മാ വേതന അനുമതി / നിരസിക്കൽ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ;
- തൊഴിലുടമകളിൽ നിന്നോ വെൽഫെയർ ഏജൻസികളിൽ നിന്നോ ഉള്ള രേഖാമൂലമായ പ്രസ്താവനകൾ; അല്ലെങ്കിൽ

അപേക്ഷകന് ജീവിതച്ചെലവുകൾ നൽകുന്ന കുടുംബാംഗങ്ങളിൽ നിന്നുള്ള പിന്തുണയുടെ കത്തുകൾ.

- $15,000-ന് മുകളിലുള്ള ബാക്കി തുകകൾ, രോഗിയുടെ ഹെൽത്ത് കയർ ക്രെഡിറ്റിനെ അടിസ്ഥാനമാക്കി, പ്രിസംപ്റ്റീവ് ചാരിറ്റി ലഭിക്കാൻ സാധ്യതയുണ്ടോ എന്നറിയാൻ അവലോകനം ചെയ്യപ്പെടും.

3. പ്രാരംഭ അഭ്യർത്ഥനാ കാലയളവിൽ, മെഡിക്കൽ അസിസ്റ്റൻസ് അഡ്മിനിസ്ട്രേഷനും മെഡികെയറും ഉൾപ്പെടെ ധനസഹായത്തിന്റെ മറ്റ് സ്രോതസ്സുകൾ തേടാൻ രോഗിക്കും OHMC, OMC-ക്കും ശ്രമിക്കാവുന്നതാണ്. നിർദ്ധന നിലയുടെ നിർണ്ണയത്തിനായി അപേക്ഷ നൽകുന്ന ഒരു രോഗിയോട് ബാങ്ക് വായ്പയോ മറ്റുതരത്തിലുള്ള വായ്പയോ എടുക്കാൻ OHMC, OMC ആവശ്യപ്പെടുകയില്ല.

4. സാധാരണ ഗതിയിൽ, ആവശ്യപ്പെടുന്ന രേഖകളൊക്കെ, അപേക്ഷയുടെ തീയതിക്ക് മൂന്ന് മാസം മുമ്പ് വരെയുള്ള കാലയളവിൽ നിന്നുള്ളവയായിരിക്കണം. എന്നിരുന്നാലും, അത്തരമൊരു രേഖ, രോഗിയുടെ നിലവിലെ സാമ്പത്തിക സാഹചര്യത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ലെങ്കിൽ, രോഗിയുടെ സാമ്പത്തിക സാഹചര്യം മാറിക്കഴിഞ്ഞതിന് ശേഷമുള്ള കാലയളവിലെ രേഖകൾ മാത്രമാണ് ആവശ്യപ്പെടുക.

5. മുകളിൽ പറഞ്ഞ രേഖകളിൽ ഒന്നുപോലും ഉത്തരവാദപ്പെട്ട കക്ഷിക്ക് നൽകാൻ കഴിയുന്നില്ലെങ്കിൽ, നിർദ്ധനനായ വ്യക്തിയായി വർഗ്ഗീകരിക്കപ്പെടാനുള്ള യോഗ്യതയുടെ അന്തിമ നിർണ്ണയം നടത്തുന്നതിന്, ബന്ധപ്പെട്ട കക്ഷിയിൽ നിന്നുള്ള രേഖാമൂലമായതും ഒപ്പിട്ടതുമായ പ്രസ്താവനകളെ OHMC, OMC ആശ്രയിക്കും. (WAC 246-453-030 (4)).

**സി. നീണ്ടൊരു കാലയളവിൽ പണമടച്ച് തീർക്കാനുള്ള രോഗിയുടെ ശേഷി, രോഗത്തിനാലേ സാമ്പത്തിക ബുദ്ധിമുട്ടിനാലോ മാറിയിട്ടുണ്ടെന്നും ഇതിനാൽ ചാരിറ്റി സേവനങ്ങൾ ആവശ്യമായി വന്നേക്കുമെന്നും തിരിച്ചറിയുന്ന ഏത് സമയത്തും ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭിക്കുന്നതിന് അപേക്ഷിക്കാൻ രോഗിയെ OHMC, OMC അനുവദിക്കും, അഡ്മിഷൻ മുമ്പുള്ള സമയം മുതൽ ഇത് ബാധകമാണ്.** സാമ്പത്തിക നിലയിലെ മാറ്റം താൽക്കാലികമാണെങ്കിൽ, ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് പ്രക്രിയയ്ക്ക് തുടക്കമിടുന്നതിന് പകരമായി, പേയ് മന്റ് സ്വീകരിക്കുന്നത് തൽക്കാലം നിർത്തിവയ്ക്കാനാണ് OHMC, OMC തീരുമാനിച്ചേക്കുക.

## ഡി. ബാഹ്യ ദാതാക്കൾ

ഓവർലേക്ക് ഇമേജിംഗ് അസോസിയേറ്റ്സ്, പ്യൂജെറ്റ് സൗണ്ട് ഫിസിഷ്യൻസ്, ഗ്രൂപ്പ് ഹെൽത്ത് ഫിസിഷ്യൻസ് എന്നീ സ്ഥാപനങ്ങൾ ഓവർലേക്ക് ഹോസ്പിറ്റലിന്റെ അൺകോമ്പൻസേറ്റഡ് കെയർ ഡിപർമിനേഷനുകൾ അംഗീകരിക്കുന്നു, അവർക്ക് ലഭിക്കേണ്ട തുകയ്ക്ക് ബാധകമായ പെർസെന്റേജ് ഡിസ്കൗണ്ടിന് അനുസരിച്ച് രോഗിയുടെ ബാക്കിതുക അഡ്ജസ്റ്റ് ചെയ്യുകയും ചെയ്യും. OHMC-യിൽ സേവനങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട ജീവനക്കാരല്ലാത്ത മറ്റ് മെഡിക്കൽ ദാതാക്കളും ചാരിറ്റി നിർണ്ണയങ്ങൾ അംഗീകരിച്ചേക്കാം, എന്നാൽ അങ്ങനെ ചെയ്യുന്നതിന് അവർക്ക് ബാധ്യതയൊന്നും ഇല്ല.

## E. അന്തിമ നിർണ്ണയത്തിനും അപ്പീലുകൾക്കുമുള്ള സമയ പരിധി.

1. ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭിക്കാൻ അർഹതയുണ്ടെന്ന് ആരംഭത്തിൽ നിർണ്ണയിക്കപ്പെട്ട ഓരോ ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് അപേക്ഷകർക്കെല്ലാം, പ്രതിഫലം നൽകാതെയുള്ള പരിചരണ നിലയുടെ അന്തിമ നിർണ്ണയം സ്വീകരിക്കുന്നതിന് മുമ്പായി ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് അപേക്ഷയെ പിന്തുണയ്ക്കുന്നതിനുള്ള രേഖകൾ കരസ്ഥമാക്കുന്നതിനും സമർപ്പിക്കുന്നതിനും ചുരുങ്ങിയത് മുപ്പത് (30) കലണ്ടർ ദിവസങ്ങൾ അല്ലെങ്കിൽ ന്യായമായും ആവശ്യമായേക്കാവുന്ന അത്രയും സമയം നൽകുന്നതാണ്.

- അപേക്ഷയും കൂടെ നൽകേണ്ട എല്ലാ രേഖകളും ലഭിച്ചതിന്റെ പതിനാല് (14) ദിവസത്തിനുള്ളിൽ അന്തിമ നിർണ്ണയത്തെ കുറിച്ച് അപേക്ഷകനെ OHMC, OMC അറിയിക്കും.

- അറിയിപ്പ് ലഭിച്ച് കഴിഞ്ഞ് മുപ്പത് (30) ദിവസങ്ങൾക്കുള്ളിൽ റെവന്യൂ സൈക്കിൾ ഡയറക്ടർക്ക് വരുമാനത്തിന്റെയോ കുടുംബ വലുപ്പത്തിന്റെയോ അധിക വെരിഫിക്കേഷൻ നൽകിക്കൊണ്ട് ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭിക്കുന്നതിനായുള്ള യോഗ്യതാ നിർണ്ണയം അപ്പീൽ ചെയ്യാൻ രോഗിക്ക്/ഗ്യാരണ്ടർക്ക് കഴിയും
- വരുമാനത്തിലേക്ക് നടത്തുന്ന ഹൗസിംഗ് അഡ്ജസ്റ്റ് മന്റാണ് ആദ്യ തല അപ്പീലിൽ ഉൾപ്പെടുന്നത്.
- അപ്പീലിന്റെ രണ്ടാം തലം കൈകാര്യം ചെയ്യപ്പെടുന്നത് OHMC പ്രൈസിംഗ് കമ്മറ്റിയുടെ വിവേചനാധികാര പ്രകാരമായിരിക്കും.
- WAC 246-453-020 (10) അനുസരിച്ച്, കിട്ടാക്കടത്തിൽ നിന്ന് വേറിട്ട നിലയിൽ വരുമാനത്തിൽ നിന്നുള്ള ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ഡിഡക്ഷനുകളെ തിരിച്ചറിയുന്നതും ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് നിലയുടെ അന്തിമ നിർണ്ണയത്തിൽ എത്തിച്ചേരുന്ന സമയത്തും തമ്മിൽ ബന്ധമില്ല.
- അപ്പീൽ നിർണ്ണയത്തിന്റെ അന്തിമഫലം വരുന്നത് വരെ എല്ലാ കളക്ഷൻ പ്രവർത്തനവും നിർത്തിവയ്ക്കും

എഫ്. രോഗി തനിക്ക് ലഭിച്ച മെഡിക്കൽ സേവനങ്ങൾക്ക് അടക്കേണ്ട കുറച്ച് തുക അല്ലെങ്കിൽ മുഴുവൻ തുക അടച്ചുവെന്നും പണമടയ്ക്കുന്ന സമയത്ത് തനിക്ക് ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് ലഭിക്കുന്നതിന് അർഹതയുണ്ടെന്ന് മനസ്സിലാക്കുന്നുവെന്നും കരുതുക. നിർണ്ണയം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ രോഗി അധികമായി അടച്ചിരിക്കുന്ന തുക അയാൾക്ക്/അവർക്ക് തിരികെ നൽകുന്നതാണ്.

ജി. നിരസിക്കലിന്റെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അറിയിപ്പ്

1. ചാരിറ്റി കെയറിനുള്ള / ഫിനാൻഷ്യൽ അസിസ്റ്റൻസിനുള്ള രോഗിയുടെ അപേക്ഷ നിരസിക്കപ്പെടുമ്പോൾ, രോഗിക്ക് ഒരു നിരസിക്കൽ അറിയിപ്പ് ലഭിക്കും, അതിൽ ഇനിപ്പറയുന്നവ ഉൾക്കൊള്ളിച്ചിരിക്കും.

എ. നിരസിക്കാനുള്ള കാരണം (കാരണങ്ങൾ), OHMC, OMC തീരുമാനത്തെ പിന്തുണയ്ക്കുന്ന നിയമങ്ങൾ.

ബി. തീരുമാനത്തിന്റെ തീയതി; ഒപ്പം

സി. അപ്പീലിനോ പുനർപരിഗണനയ്ക്കോ ഉള്ള നിർദ്ദേശങ്ങൾ.

2. അഭ്യർത്ഥിച്ച വിവരങ്ങളൊന്നും അപേക്ഷകൻ നൽകുന്നില്ലെങ്കിലും യോഗ്യത നിർണ്ണയിക്കുന്നതിന് ആവശ്യമായത്ര വിവരങ്ങൾ OHMC, OMC-യുടെ പക്കൽ ലഭ്യമല്ലെങ്കിലും, നിരസിക്കൽ അറിയിപ്പിൽ ഇനിപ്പറയുന്നവ ഉൾക്കൊള്ളിക്കും:

- വിവരങ്ങൾ അഭ്യർത്ഥിച്ച തീയതി ഉൾപ്പെടെ, അഭ്യർത്ഥിച്ചതും എന്നാൽ അപേക്ഷകൻ നൽകാത്തതുമായ വിവരങ്ങളുടെ വിവരണം;

OVERLAKE
MEDICAL CENTER AND CLINICS

- OHMC, OMC-യുടെ പക്കൽ ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കി ചാരിറ്റി കെയറിന്റെ / ഫിനാൻഷ്യൽ അസിസ്റ്റൻസിന്റെ യോഗ്യത നിർണ്ണയിക്കാനാവില്ല എന്ന പ്രസ്താവന; ഒപ്പം
- നിരസിക്കൽ അറിയിപ്പിന്റെ തീയതിയിൽ നിന്ന് മുപ്പത് ദിവസത്തിനുള്ളിൽ, മുമ്പ് അഭ്യർത്ഥിച്ചതും എന്നാൽ അപേക്ഷകൻ നൽകാത്തതുമായ എല്ലാ നിർദ്ദിഷ്ട വിവരങ്ങളും അപേക്ഷൻ നൽകുകയാണെങ്കിൽ യോഗ്യത നിർണ്ണയിക്കപ്പെടുമെന്ന കാര്യം.

3. എല്ലാ രണ്ടാം തല അപ്പീലുകളും പ്രൈസിംഗ് കമ്മറ്റി അവലോകനം ചെയ്യും. ചാരിറ്റി കെയർ / ഫിനാൻഷ്യൽ അസിസ്റ്റൻസ് മുമ്പ് നിരസിച്ചത് ഈ അവലോകനം ശരി വയ്ക്കുകയാണെങ്കിൽ, സ്റ്റേറ്റ് നിയമം അനുസരിച്ച് രോഗിക്കും/ഗ്യാരണ്ടർക്കും ഹെൽത്ത് ഡിപ്പാർട്ട് മന്റിനും രേഖാമൂലമുള്ള അറിയിപ്പ് അയയ്ക്കും.

## അനുമതി പ്രക്രിയ

യോഗ്യതാ നിർണ്ണയവും തുകയും തീരുമാനിച്ച് കഴിഞ്ഞാൽ, താഴെ വിവരിച്ചിരിക്കുന്ന പ്രകാരമുള്ള അനുയോജ്യരായ വ്യക്തികൾ, അപേക്ഷയും കൂടെ വച്ചിരിക്കുന്ന വിവരങ്ങളും ക്രമബദ്ധമായി അവലോകനം ചെയ്യും:

- പേഷ്യന്റ് ഫിനാൻഷ്യൽ സർവീസസ് മാനേജർ/സുപ്പർവൈസർ $ 10,000 വരെ
- റെവന്യൂ സൈക്കിൾ ഡയറക്ടർ $100,000 വരെ
- വൈസ് പ്രസിഡന്റ് ഫിനാൻസ്/വി എഫ് ഒ $100,000-ന് മുകളിൽ

## ഡോക്യുമെന്റേഷനും റെക്കോർഡുകളും

**എ. രഹസ്യാത്മകത:** അപേക്ഷയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രഹസ്യസ്വഭാവത്തോടെ സൂക്ഷിക്കപ്പെടും. അപേക്ഷയെ പിന്തുണയ്ക്കുന്ന രേഖകളുടെ പകർപ്പുകൾ, അപേക്ഷാ ഫോമിനൊപ്പം സൂക്ഷിക്കും.

ബി. ചാരിറ്റി കേസുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ, കൈവശം വയ്ക്കൽ നയം അനുസരിച്ച്, കൈവശം വയ്ക്കുന്നതാണ്.